**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4918** **11-08-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിൽ എഫ്.എച്ച്.സി. കളായി ഉയർത്തിയ പെരുവ, കടുത്തുരുത്തി എന്നീ പി.എച്ച്.സി. കളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കടുത്തുരുത്തി, പെരുവ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. കടുത്തുരുത്തി പി.എച്ച്.സി. എഫ്.എച്ച്.സിയായി ഉയർത്തിയപ്പോൾ രോഗികൾക്ക് വിശ്രമിക്കുന്ന തിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചി മുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന തിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കി കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ് കൗൺസിലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പെരുവ സി.എച്ച.സിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ ആശുപത്രികളുടെ കെട്ടിട നിർമ്മാണത്തിനു വേണ്ടി ആർദ്രം പദ്ധതിൽ ഫണ്ട് വകയിരിത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കടുത്തുരുത്തി, പെരുവ എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടം നിർമ്മാണത്തിനായി എൻ.എച്ച്.എം മുഖേന 15,50,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ ആശുപത്രികളുടെ പ്രവർത്തനത്തിന് വേണ്ടത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്ന് | (സി) | പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | വ്യക്തമമാക്കാമോ? | | |

സെക്ഷൻ ഓഫീസർ